REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **26-11-2025** **സമയം** **12.30 PM**

---

## പ്രധാന വാർത്തകൾ

- **76-ാം ഭരണഘടനാ ദിനം രാഷ്ട്രം സമുചിതമായി ആഘോഷിക്കുന്നു.**
- **രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ ഭരണഘടനയുടെ ആമുഖം വായിച്ച് ദിനാഘോഷ ചടങ്ങിന് നേതൃത്വം നൽകി.**
- **മുംബൈ ഭീകരാക്രമണത്തിനിടെ ജീവത്യാഗം ചെയ്ത ധീര സൈനികർക്ക് 17-ാം വാർഷികത്തിൽ രാജ്യത്തിന്റെ ശ്രദ്ധാഞ്ജലി.**
- **രാജ്യം നിക്ഷേപത്തെയും, നവീകരണത്തെയും സ്വാഗതം ചെയ്യുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണം ഊർജ്ജിതമാക്കി.**
- **ഗോഹട്ടിയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ തകർച്ചയിലേക്ക്.**

## വാർത്തകൾ വിശദമായി

76-ാം ഭരണഘടനാ ദിനം രാഷ്ട്രം സമുചിതമായി ആഘോഷിക്കുന്നു. ഹമാരാ സംവിധാൻ - ഹമാരാ സ്വാഭിമാൻ എന്നതാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം.

പഴയ പാർലമെന്റ് ഹൗസിന്റെ സെൻട്രൽ ഹാളിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഭരണഘടനയുടെ ആമുഖം വായിച്ച് ദിനാഘോഷ ചടങ്ങിന് നേതൃത്വം നൽകി. ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ

സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, പാർലമെന്റിന്റെ ഇരു സഭയിലേയും അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

മലയാളം അടക്കം ഒമ്പത് ഭാഷകളിൽ തയ്യാറാക്കിയ ഭരണഘടനയും, സ്മരണിക ലഘു പുസ്തകവും ചടങ്ങിൽ  പ്രകാശനം ചെയ്തു.

ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി രാജ്യവ്യാപകമായി ലക്ഷക്കണക്കിന് ആളുകൾ ഭരണഘടനയുടെ ആമുഖം വായിച്ചു. കേന്ദ്ര മന്ത്രാലായങ്ങളിലും വകുപ്പുകളിലും സംസ്ഥാന തലസ്ഥാനങ്ങളിലും തദ്ദേശ സ്ഥാപനങ്ങളിലും വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

1949 നവംബർ 26-നാണ് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത്. രണ്ട് വർഷവും 11 മാസവും 17 ദിവസവും നീണ്ട അക്ഷീണ പരിശ്രമംകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയത്. ഡോ. BR അംബേദ്കറുടെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റിയാണ് ഭരണഘടന തയ്യാറാക്കിയത്. 1950 ജനുവരി 26ന് പാർലമെന്റ് ഭരണഘടനയ്ക്ക് അംഗീകാരം നൽകി.  2015ൽ ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറുടെ 125-ാം ജന്മവാർഷികാഘോഷ വേളയിലാണ് നവംബർ 26 ഭരണഘടനാ ദിനമായി ആഘോഷിക്കുന്ന തീരുമാനം കേന്ദ്രഗവൺമെന്റ് കൈക്കൊണ്ടത്. അതുവരെ ദേശീയ നിയമദിനം എന്ന പേരിലായിരുന്നു നവംബർ 26 ആചരിച്ചിരുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഭരണഘടനാ ദിനത്തിൽ ഭരണഘടനാ ശില്പികൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. അവരുടെ ദർശനവും ദീർഘവീക്ഷണവും വികസിത ഭാരതം കെട്ടിപ്പടുക്കാൻ ഓരോ പൗരനെയും പ്രചോദിപ്പിക്കുന്നത് തുടരുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പൗരന്റെ അന്തസ്സ്, സമത്വം, സ്വാതന്ത്ര്യം എന്നിവയ്ക്ക് ഭരണഘടന ഏറെ പ്രാധാന്യം നൽകുന്നുണ്ടെന്നും, പൗരന് അവകാശങ്ങൾ നൽകി ശാക്തീകരിക്കുന്നുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു. ഭരണഘടന ശക്തമായ ജനാധിപത്യത്തിന്റെ അടിത്തറയായതിനാൽ കടമകൾ നിറവേറ്റാൻ എല്ലാവരും ശ്രമിക്കണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു.

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും ഭരണഘടനാ ദിനത്തിൽ ജനങ്ങൾക്ക് ആശംസ നേർന്നു. ഭരണഘടനാ മൂല്യങ്ങൾ പിന്തുടരാൻ എല്ലാവരും ശ്രമിക്കണമെന്നും, നീതിയ്ക്കും സമത്വത്തിനും പ്രതിജ്ഞാബദ്ധരായിരിക്കാനാണ് അംബേദ്കർ ആഹ്വാനം ചെയ്തതെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

ഭരണഘടനയുടെ ചരിത്രപരമായ അംഗീകാരം അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ പൗരന്മാർക്ക് കത്തെഴുതി. രാജ്യ പുരോഗതിയ്ക്ക് വഴി കാട്ടുന്നതിൽ ഭരണഘടനയുടെ ശാശ്വത പങ്കിനെ അടിവരയിട്ട് 2015 ൽ കേന്ദ്ര ഗവൺമെന്റ് നവംബർ 26 ഭരണഘടനാ ദിനമായി പ്രഖ്യാപിച്ചത് ഭരണഘടനയുടെ വിശുദ്ധിയെ ആദരിക്കാനാണെന്ന് പ്രധാനമന്ത്രി കത്തിൽ വ്യക്തമാക്കി. വികസിത രാഷ്ട്രം കെട്ടിപ്പടുക്കാൻ കടമകൾക്ക് പ്രഥമ പരിഗണന നൽകണമെന്ന് നരേന്ദ്രമോദി ആഹ്വാനം ചെയ്തു.

✪✪✪

രാജ്യം നിക്ഷേപത്തെയും, നവീകരണത്തെയും സ്വാഗതം ചെയ്യുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഹൈദരാബാദിലെ GMR എയ്റോസ്പേസ് ആൻഡ് ഇൻഡസ്ട്രിയൽ പാർക്കിൽ, സഫ്രാൻ എയർക്രാഫ്റ്റ് എഞ്ചിൻ സർവീസസ് ഇന്ത്യ കേന്ദ്രം,വിഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. നിക്ഷേപകരെ വികസിത ഭാരത സൃഷ്ടിയുടെ പങ്കാളികളായാണ് കണക്കാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

നവംബർ 26 ലെ മുംബൈ ഭീകരാക്രമണത്തിനിടെ ജീവത്യാഗം ചെയ്ത ധീര സൈനികർക്ക് 17-ാം വാർഷികത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ആദരാഞ്ജലി അർപ്പിച്ചു.

ഭീകരതയെ ചെറുക്കാനും, ശക്തവും സമ്പന്നവുമായ രാഷ്ട്രം കെട്ടിപ്പടുക്കാനും നിശ്ചയദാർഢ്യത്തോടെ മുന്നേറാൻ ജീവത്യാഗം ചെയ്തവരുടെ സ്മരണ കരുത്തു പകരുമെന്ന് രാഷ്ട്രപതി പറഞ്ഞു. സൈനികരുടെ പരമമായ ത്യാഗത്തെ രാഷ്ട്രം നന്ദിയോടെ സ്മരിക്കുന്നതായി ദ്രൗപതി മുർമു സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

മുംബൈ ഭീകരാക്രമണ വാർഷികത്തിന്റെ ഭാഗമായി ദേശീയ സുരക്ഷാ ഗാർഡ്, ഗേറ്റ് വേ ഓഫ് ഇന്ത്യയിൽ പ്രത്യേക ചടങ്ങ് സംഘടിപ്പിച്ചു. ഇത്തരം സംഭവങ്ങളുടെ ആവർത്തനം എന്തുവില കൊടുത്തും തടയുമെന്ന തീരുമാനത്തിലെ പ്രതിബദ്ധത വ്യക്തമാക്കാനാണ് പരിപാടി. ഭീകരാക്രമണത്തിൽ ജീവത്യാഗം ചെയ്ത ധീര സേനാനികളുടെ ചിത്രങ്ങളും പേരുകളും ആലേഖനം ചെയ്ത, സ്മരണ മണ്ഡപത്തിൽ പുഷ്പാർച്ചനയും മെഴുകുതിരി തെളിയിക്കലും ഇതിന്റെ ഭാഗമായി നടത്തി.

✪✪✪

ഡൽഹി ചുവപ്പുകോട്ടയ്ക്ക് സമീപത്തെ ഭീകരാക്രമണത്തിന് തൊട്ടുമുമ്പ് ഭീകരൻ ഡോ. ഉമർ മുഹമ്മദിന് അഭയം നൽകിയതിന് ഫരീദാബാദ് സ്വദേശിയെ NIA അറസ്റ്റ് ചെയ്തു. ദൗജ് സ്വദേശി സൊയാബിനെയാണ് അറസ്റ്റു ചെയ്തത്. ഇതോടെ കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായവരുടെ എണ്ണം ഏഴായി.

✪✪✪

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായ MP മാരുടെ യോഗം നാളെ ചേരും. രാവിലെ  വിഡിയോ കോൺഫറൻസിലൂടെയാണ് യോഗം.

✪✪✪

ഇന്ന് ദേശീയ ക്ഷീരദിനം. ധവള വിപ്ലവത്തിന്റെ പിതാവ്  കോഴിക്കോടുകാരൻ വർഗീസ് കുര്യന്റെ ജന്മദിനമായ നവംബർ 26 നാണ് രാജ്യം ക്ഷീര ദിനമായി ആചരിക്കുന്നത്.

ദിനാഘോഷത്തിന്റെ ഭാഗമായി മിൽമ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന പരിപാടികൾ  കൊല്ലത്ത് മന്ത്രി J ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും.

✪✪✪

ദേശീയ ക്ഷീര ദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ ദേശീയ ഗോപാൽ രത്ന അവാർഡുകൾ  കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. പാലുല്പാദന മേഖലയെ ശക്തിപ്പെടുത്തുന്ന സംരംഭങ്ങളും മികച്ച ഉത്പാദന ശേഷിയോട് കൂടിയ കന്നുകാലി ഫാമുകളും  ചടങ്ങിൽ ഉദ്ഘാടനം ചെയ്യും. മിൽക്ക് ഫെഡറേഷൻ മൊഹാലി യൂണിറ്റിന്റെ പാൽ ടാങ്കറുകളും കേന്ദ്രമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലനം ഇന്നും തുടരുന്നു. 28 വരെ വിവിധ ബാച്ചുകളിലായാണ് പരിശീലനം. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് വിതരണം ആരംഭിച്ചു.

തദ്ദേശ തെരഞ്ഞെടുപ്പിൽ ഭാഷാ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന മണ്ഡലങ്ങളിലെ ബാലറ്റ് പേപ്പറിലും വോട്ടിംഗ് മെഷിനുകളിലും ഇതര ഭാഷകളിലും പേരും വിവരങ്ങളും ഉൾപ്പെടുത്തും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിലാണ് ഈ

സൗകര്യം ലഭ്യമാക്കുന്നത്. തമിഴ്, കന്നഡ, ഭാഷകളിലാണ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

✪✪✪

സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി.

കോഴിക്കോട്ട് NDA സ്ഥാനാർത്ഥി സംഗമം വൈകീട്ട് മുതലക്കുളം മൈതാനിയിൽ BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും.

LDF ന്റെയും UDF ന്റെയും പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുകയാണ്. പെരുമണ്ണയിൽ MK രാഘവൻ MP, UDF തെരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ഗവൺമെന്റിന്റെ ഭരണ നേട്ടങ്ങൾ അവതരിപ്പിച്ചാണ് LDFന്റെ പ്രചാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം ഒരു കോടി ഏഴ് ലക്ഷത്തോളം എത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 38.45% ആണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം രണ്ട് ലക്ഷത്തി 81,608 ആയി ഉയർന്നു.

ഫോമുകൾ സ്വീകരിക്കാനും അപ്‌ലോഡ് ചെയ്യാനും കൂടുതൽ ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും, ക്യാമ്പുകൾ കേന്ദ്രീകരിച്ച് ഇന്നും പ്രവർത്തങ്ങൾ തുടരുമെന്നും ഡോ. കേൽക്കർ അറിയിച്ചു.

✪✪✪

പുതിയ തൊഴിൽ നിയമങ്ങൾ തൊഴിലാളികൾക്ക് മിനിമം വേതനവും, സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നില്ലെന്ന തരത്തിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത തെറ്റാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. 90 ശതമാനം തൊഴിലാളികളും അസംഘടിത മേഖലയിലാണെന്നും, തൊഴിൽകോഡുകളുടെ പരിധിയ്ക്ക് പുറത്താണെന്നും സാമൂഹ്യ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത് വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാന്വേഷണ യൂണിറ്റ് അറിയിച്ചു.

✪✪✪

എത്യോപ്യയിലെ അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് വ്യാപിച്ച ചാരവും, പൊടിപടലവും ഇന്ത്യയുടെ ആകാശ മേഖല കടന്ന് ചൈനയിലേക്ക് നീങ്ങിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പൊടിപടലം സഞ്ചരിക്കുന്നത് 25,000 അടി ഉയരത്തിൽ ആയതിനാൽ വായു ഗുണനിലവാരത്തെയോ, കാലാസ്ഥയെയോ ബാധിക്കില്ലെന്നും വകുപ്പ് വ്യക്തമാക്കി. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും സ്ഥിതിഗതി സൂക്ഷ്മമമായി നിരീക്ഷിക്കുന്നുണ്ടെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയവും അറിയിച്ചു.

✪✪✪

ഗോഹട്ടിയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് തോൽവി. രണ്ടാം ഇന്നിംഗ്സിൽ ഒടുവിൽ റിപ്പോർട്ടു കിട്ടുമ്പോൾ ഇന്ത്യയ്ക്ക് 9 വിക്കറ്റ് നഷ്ടത്തിൽ 140 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

ദക്ഷിണാഫ്രിക്ക രണ്ടാം ഇന്നിംഗ്സിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 260 റൺസെടുത്തു.

✪✪✪

ഇന്ത്യയിലെ 38 ആഭ്യന്തര പുരുഷ ട്വന്റി 20 ടീമുകൾ പങ്കെടുക്കുന്ന സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണ്ണമെന്റിന് ഇന്ന് തുടക്കമാകും. ഒരേ സമയം വിവിധ വേദികളിൽ മത്സരങ്ങൾ ആരംഭിക്കും. കേരളം ലക്നൗവിൽ ഒഡീഷയെ നേരിടും. ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം. സഞ്ജു സാംസണാണ് കേരള ക്യാപ്റ്റൻ.

ഡിസംബർ 18ന് ഇൻഡോറിലാണ് ഫൈനൽ.

✪✪✪

ശബരിമലയിൽ തീർത്ഥാടകരുടെ തിരക്ക് തുടരുന്നു. ഇന്നും സ്പോട്ട് ബുക്കിംഗ് 5,000 ആയി നിജപ്പെടുത്തി. ഈ തീർത്ഥാടനകാലം തുടങ്ങിയ ശേഷം ഇന്നലെ രാത്രി ഏഴു വരെ 8 ലക്ഷത്തി 48,085 തീർഥാടകരാണ് ദർശനം നടത്തിയത്.

✪✪✪

മുല്ലപ്പെരിയാറിൽ ജലനിരപ്പ് ഇന്നലെ വൈകിട്ടോടെ 140 അടി പിന്നിട്ടു. ഇതേ തുടർന്ന് തമിഴ്നാട് ഒന്നാംഘട്ട ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ വൃഷ്ടി പ്രദേശത്ത് മഴ ശക്തമായതോടെയാണ് ജലനിരപ്പ് ഉയർന്നത്.

✪✪✪

സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം നാളെ മലപ്പുറം തിരൂരിൽ ആരംഭിക്കും. ഭിന്നശേഷിക്കാരായ 3,000 വിദ്യാർത്ഥികൾ 105 ഇനങ്ങളിൽ മത്സരിക്കും. പത്ത് വേദികളിലാണ് മത്സരങ്ങൾ. നാളെ രാവിലെ വിദ്യാഭ്യാസ ഡയറക്ടർ  NKS ഉമേഷ്, കലോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

ഭിന്നശേഷിക്കാരായ  കുട്ടികളെ പങ്കെടുപ്പിച്ച്  കണ്ണൂർ ജില്ലാ കുടുംബശ്രീ സംഘടിപ്പിക്കുന്ന കായികോത്സവം - ബഡ്സ് ഒളിമ്പ്യാ 2025' നാളെ കണ്ണൂർ പൊലീസ് മൈതാനിയിൽ തുടക്കമാകും. ജില്ലാ കലക്ടർ അരുൺ K വിജയൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ 35 ബഡ്സ് സകൂളുകളിലെ  300 ഓളം കുട്ടികൾ പങ്കെടുക്കും.

സംസ്ഥാനതല മേള ജനുവരി രണ്ട്, മൂന്ന് തീയ്യതികളിൽ തലശ്ശേരിയിലാണ്.

✪✪✪

തിരുവനന്തപുരം റവന്യു ജില്ലാ സ്കൂൾ കലോത്സവം തിങ്കളാഴ്ച ആരംഭിക്കും. അഞ്ചാം തിയതി വരെ നീളുന്ന കലോത്സവത്തിന്റെ പ്രധാനവേദി ആറ്റിങ്ങൽ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളാണ്.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*